# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 625** **08.08.2017-ൽ മറുപടിക്ക്**

## വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. പി.കെ. ശശി<br>ശ്രീ. എം. മുകേഷ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതിപ്രസരണനഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വൈദ്യുത പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, സബ് സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനും സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി, കെ.എസ്.ഇ.ബി.എൽ. ട്രാൻസ് ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.<br>അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് 10,000 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 13 ലൈൻ പാക്കേജുകളും 9 സബ് സ്റ്റേഷൻ പാക്കേജുകളും ഉൾപ്പെടുന്നു.<br>കൂടാതെ, 2017-18 കാലയളവിൽ പൂർത്തീകരിക്കേണ്ട പദ്ധതികളുടെ ആന്വുവൽ പ്ലാനിൽ 12 സബ് സ്റ്റേഷനുകൾ പുതിയതായി നിർമ്മിക്കുവാനും, 5 സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കാനും, 15 ലൈൻ പ്രവൃത്തികൾ പൂർത്തിയാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. മാടക്കത്തറ 400 കെ.വി സബ് സ്റ്റേഷനിലെയും മറ്റു പല സബ് സ്റ്റേഷനുകളിലെയും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും, പുതിയ ട്രാൻസ്ഫോർമർ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുവാനുമുള്ള പ്രവൃത്തികളും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ ട്രാൻസ് ഗ്രിഡ് നോർത്തിന്റെ കീഴിലുള്ള ഈ വർഷത്തെ പദ്ധതികളുടെ ഡൌൺസ്ട്രീം വർക്കുകളും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>കേരളത്തിന്റെ തെക്കൻ/മദ്ധ്യ മേഖലയിൽ, 2017-2018 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**I.** 220 കെ.വി കാട്ടാക്കട സബ് സ്റ്റേഷനും അനുബന്ധ 28.5 കി.മീ. പോത്തൻകോട്-കാട്ടാക്കട ഡബിൾ സർക്യൂട്ട് ലൈനും പൂർത്തിയായി.<br>**II.** **<u>110 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും</u>**<br>1. വേളി സബ് സ്റ്റേഷൻ അപ്ഗ്രേഡേഷനും അനുബന്ധ പരുത്തിപ്പാറ-വേളി, പരുത്തിപ്പാറ-ടേൾസ്-വേളി ലൈനുകളുടെ അപ്ഗ്രേഡേഷനും<br>2. മുട്ടത്തറ സബ് സ്റ്റേഷനും അനുബന്ധ 9 കി.മീ. സിംഗിൾ സർക്യൂട്ട് ഭൂഗർഭ കേബിളും (വേളി സബ് സ്റ്റേഷനിൽ നിന്നും)<br>3. വിഴിഞ്ഞം സബ് സ്റ്റേഷൻ അപ്ഗ്രേഡേഷനും 220/110 കെ.വി കാട്ടാക്കട-ബാലരാമപുരം-വിഴിഞ്ഞം മൾട്ടി സർക്യൂട്ട്/ഡബിൾ സർക്യൂട്ട് ലൈനും<br>4. ബാലരാമപുരം സബ് സ്റ്റേഷൻ അപ്ഗ്രേഡേഷനും അനുബന്ധ നെയ്യാറ്റിൻകര-തിരുമല ഡബിൾ സർക്യൂട്ട് ലൈനിന്റെ അപ്ഗ്രേഡേഷനും<br>5. എരമല്ലൂർ സബ് സ്റ്റേഷനും അനുബന്ധ അരൂർ-തൈക്കാട്ടുശ്ശേരി ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും<br>6. എരുമേലി സബ് സ്റ്റേഷനും അനുബന്ധ കാഞ്ഞിരപ്പള്ളി-എരുമേലി ഡബിൾ സർക്യൂട്ട് ലൈനും<br>7. മുണ്ടക്കയം സബ് സ്റ്റേഷൻ അപ്ഗ്രേഡേഷനും അനുബന്ധ കാഞ്ഞിരപ്പള്ളി-മുണ്ടക്കയം ഡബിൾ സർക്യൂട്ട് ലൈനിന്റെ അപ്ഗ്രേഡേഷനും<br>8. ന്യൂ മൂവാറ്റുപുഴ (മാറാടി) സബ് സ്റ്റേഷനും അനുബന്ധ നേര്യമംഗലം-മൂവാറ്റുപുഴ ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും<br>9. മുട്ടം സബ് സ്റ്റേഷനും അനുബന്ധ നേര്യമംഗലം-പാല ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും |

| | | | |
|---|---|---|---|
| | | | **III. 66 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും.**<br>1.. കറ്റാനം സബ് സ്റ്റേഷൻ അപ്ഗ്രേഡേഷനും അനുബന്ധ എം.വി.കെ.പി ഫീഡറിൽ നിന്നുള്ള ടാപ്പ് ലൈനും<br>2. ഓടക്കാലി സബ് സ്റ്റേഷനും അനുബന്ധ കോതമംഗലം-ആലുവ ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും<br>3. തൃപ്പൂണിത്തുറ സബ് സ്റ്റേഷനും അനുബന്ധ വൈറ്റില-പുത്തൻകുരിശ് ലൈൻ ഇൻ ലൈൻ ഔട്ടും<br>**IV. 33 കെ.വി സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും**<br>1. പാറ്റൂർ സബ് സ്റ്റേഷനും അനുബന്ധ മെഡിക്കൽ കോളേജ് – പാറ്റൂർ സിംഗിൾ സർക്യൂട്ട് ഭൂഗർഭ കേബിളും<br>2. വൈദ്യുതി ഭവനം (തിരുവനന്തപുരം) സബ് സ്റ്റേഷനും അനുബന്ധ മെഡിക്കൽ കോളേജ് – വൈദ്യുതി ഭവനം ഭൂഗർഭ കേബിൾ ലൈനും<br>3. വിളകുളം സബ് സ്റ്റേഷനും അനുബന്ധ വർക്കല-വിളകുളം സിംഗിൾ സർക്യൂട്ട് ലൈനും<br>4. കച്ചേരി (ആറ്റിങ്ങൽ) സബ് സ്റ്റേഷനും അനുബന്ധ ആറ്റിങ്ങൽ-കച്ചേരി സിംഗിൾ സർക്യൂട്ട് ഭൂഗർഭ കേബിൾ ലൈനും.<br>5. ആര്യനാട് സബ് സ്റ്റേഷനും അനുബന്ധ നെടുമങ്ങാട്-ആര്യനാട് ലൈനും<br>6. പെരുന്തേനരുവി സബ് സ്റ്റേഷൻ<br>7.പന്തളം സബ് സ്റ്റേഷനും അനുബന്ധ ഇടപ്പോൺ-പന്തളം സിംഗിൾ സർക്യൂട്ട് ലൈനും<br>8. തമ്മനം സബ് സ്റ്റേഷനും അനുബന്ധ കലൂർ-തമ്മനം ഡബിൾ സർക്യൂട്ട് ഭൂഗർഭ കേബിൾ ലൈനും<br>9. മണിമല സബ് സ്റ്റേഷനും അനുബന്ധ റാന്നി-മണിമല സിംഗിൾ സർക്യൂട്ട് ലൈനും<br>10 കളർകോട് സബ് സ്റ്റേഷനും അനുബന്ധ പുന്നപ്ര-കളർകോട് സിംഗിൾ സർക്യൂട്ട് ലൈനും<br>11. കമിളി സബ് സ്റ്റേഷനും അനുബന്ധ വണ്ടിപ്പെരിയാർ-കമിളി സിംഗിൾ സർക്യൂട്ട് ലൈനും |
| (സി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമാണോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്ന തെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതികളിൽ 33 കെ.വി സബ് സ്റ്റേഷൻ പാറ്റൂർ, വൈദ്യുതി ഭവനം, വിളകുളം, കച്ചേരി, തമ്മനം, കമിളി, പന്തളം, പെരുന്തേനരുവി, 66 കെ.വി ജിസ്. തൃപ്പൂണിത്തുറ എന്നീ വർക്കുകൾക്ക് കേന്ദ്ര സഹായം |

| | | | |
|---|---|---|---|
| | | | ലഭ്യമാണ്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉൾപ്പെട്ട ഏറനാട് ലൈൻസ് പാക്കേജിനും HTLS ലൈൻ പാക്കേജിനും, കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമായിട്ടുണ്ട്. കൂടാതെ. ഹരിതോർജ്ജ ഇടനാഴി പദ്ധതിയ്ക്കായി MNRE (Ministry of New & Renewable Energy)-യിൽനിന്നും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. 2022-ഓടു കൂടി ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 33. കെ. വി സബ്സ്റ്റേഷൻ പാറ്റൂർ പൂർത്തിയായി. വൈദ്യുതി ഭവനം പന്തളം 2018 മാർച്ചിലും വിളകുളം 2018 സെപ്റ്റംബറിലും പെരുന്തേനരുവി 2018 ഫെബ്രുവരിയിലും പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 66 കെ. വി. ജി. ഐ എസ്. തൃപ്പൂണിത്തുറ 2018 മാർച്ചിൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Remalilla

**സെക്ഷൻ ഓഫീസർ**